പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ:1179

12.06.2014-ൽ
മറുപടിയ്ക്ക്

ചകിരിക്ഷാമം പരിഹരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. ജി.സുധാകരൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) കയർ മേഖലയിൽ കടുത്ത ചകിരിക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) കയർ സംഘങ്ങൾക്കും ചെറുകിട ഉൽപാദകർക്കും ഇതുമൂലം നഷ്ടം സംഭവിക്കുന്നുണ്ടോ; | ബി) കയർമേഖലയ്ക്കാവശ്യമായ ചകിരി ലഭിക്കാത്തതും, ചകിരിയുടെ അടിക്കടിയുള്ള വിലവർദ്ധനവും, സംഘങ്ങളുടെയും ചെറുകിട ഉല്പാദകരുടെയും ഉല്പാദന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത പ്രശ്നത്തിന് പരിഹാരമായി സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | സി) കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യാൻ കയർഫെഡിനെ ചുമതലപ്പെടുത്തി യിട്ടുണ്ട്. |
| ഡി) ചകിരിക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 2013-14-ൽ 4,86,20,000/-രൂപ അനുവദിച്ചിട്ടുണ്ട്. നവംബർ 2013 മുതൽ 2014 മെയ് 23 വരെ 12,04,81,802/- രൂപ വില വരുന്ന 43,710.82 ക്വിന്റൽ ചകിരി സബ്സിഡി നിരക്കിൽ ഇപ്രകാരം കയർഫെഡ് വിതരണം നടത്തിയിട്ടുണ്ട്. ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി എൻ.സി.ആർ.എം.ഐ വികസിപ്പിച്ച, ദിവസവും 3000-4000 |

| | |
|---|---|
| | തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന മിനി ഡീഫൈബറിംഗ് മെഷീനുകൾ 2009-10 മുതൽ കയർമേഖലയിൽ വിതരണം ചെയ്തുവരുന്നുണ്ട്. സഹകരണ മേഖലയിലെ ഡീഫൈബറിംഗ് സൊസൈറ്റികൾക്ക് വലിയ ഡീഎഫ് മെഷീനുകൾ സ്ഥാപിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകി വരുന്നുണ്ട്. മാത്രമല്ല, തൊണ്ട് സംഭരണം ശക്തമാക്കുന്നതിന് കയർ സംഘങ്ങളെ ഉൾപ്പെടുത്തിയും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ച് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഉണക്കത്തൊണ്ടും പച്ചത്തൊണ്ടും ചതച്ച് ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷിനറി ഫാക്ടറിയിലൂടെ ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കാനും ഉദ്ദേശിക്കുന്നു. നാളികേര വികസന ബോർഡുമായി ചേർന്നും പുതിയൊരു പ്രോജക്ട് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ